16/3/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP. 49*(2)/2022*/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 3538/എസ്.ഐ.സി-ജി 6/22)**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. കെ.കൃഷ്ണൻകുട്ടി,**
**മനുഷ്യാവകാശ സംരക്ഷണ കേന്ദ്രം**
**സംസ്ഥാന ഡയറക്ടർ,**
**മായാ ഭവൻ, നൊച്ചിപ്പുള്ളി, പള്ളത്തേരി പി.ഒ.,**
**പാലക്കാട്.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**അസിസ്റ്റന്റ് റീജിയണൽ മാനേജർ,**
**കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ**
**ലിമിറ്റഡ്, മേഖലാ കാര്യാലം, യാമ്പൂ ടവേഴ്സ്,**
**മലയാള മനോരമയ്ക്ക് സമീപം, ടി.ബി.റോഡ്,**
**പാലക്കാട്.** } **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കെ.കൃഷ്ണൻകുട്ടി, 23.02.2022ന് സമർപ്പിച്ച പരാതി ഹർജി 24.02.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.49(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 01.01.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 2021-2022ലെ ഒന്നാം വിളയുടെ നെല്ല് സംഭരണത്തിന് എലപ്പുള്ളി കൃഷി ഭവന്റെ കീഴിലുള്ള എത്ര പാടശേഖരസമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും

2) എലപ്പുള്ളിയിലെ ഓരോ പാടശേഖരസമിതിയിലെ കർഷകർക്ക് നെല്ലു സംഭരണത്തിന് പെർമിറ്റിൽ അനുവദിച്ച നെല്ലിന്റെ അളവെത്രയെന്നും

3) എലപ്പുള്ളിയിലെ ഓരോ പാടശേഖരസമിതിയിൽ നിന്നും സിവിൽ സപ്ലൈസ് ശേഖരിച്ച നെല്ലിന്റെ അളവെത്രയെന്നും

4) പാലക്കാട് ജില്ലയിൽ നിന്നും സിവിൽ സപ്ലൈസ് മുഖേന ശേഖരിച്ച നെല്ലിന്റെ അളവെത്രയെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 24.01.2022ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 26.03.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും സപ്ലൈകോയുടെ അനുബന്ധ കാര്യാലയമായ പാഡി മാർക്കറ്റിംഗ് ഓഫീസിൽ എസ്.പി.ഐ.ഒ.യെ നിയമിച്ചിട്ടില്ലാത്തതിനാൽ സപ്ലൈകോ പാലക്കാട് മേഖല കാര്യാലയത്തിലെ എസ്.പി.ഐ.ഒ. ആണ് ടി അപേക്ഷ നേരിട്ട് സ്വീകരിച്ചിട്ടുള്ളതെന്നും അപേക്ഷയിലെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് എസ്.പി.ഐ.ഒ. 04.01.2022ന് കത്തു നൽകിയെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും പാഡി മാർക്കറ്റിംഗ് ഓഫീസർ 24.01.2022 തീയതിയായി നമ്പർ പാഡി 21/2015 പ്രകാരം മറുപടി നൽകിയെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും ടി മറുപടി കത്ത് സുതാര്യതയ്ക്കും സൂക്ഷ്മതയ്ക്കും വേണ്ടി എഡിറ്റ് ചെയ്താണ് അപേക്ഷകന് 24.01.2022 തീയതിയായി B7-32/2022 നമ്പർ കത്തായി മറുപടി നൽകിയതെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും എഡിറ്റ് ചെയ്ത് ഒറിജിനൽ കോപ്പി ആക്കിയതിനാൽ മനപ്പൂർവ്വമല്ലാതെ സംഭവിച്ചതാണ് അപ്പീൽ അധികാരിയുടെ വിലാസം വയ്ക്കാത്തതെന്നും അല്ലാതെ ബോധപൂർവ്വം സംഭവിച്ചതല്ലെന്നും പാഡി മാർക്കറ്റിംഗ് ഓഫീസർ നൽകിയ മറുപടി അതേപടി അപേക്ഷകന് നൽകുകയാണ് ഉണ്ടായതെന്നും കൂടാതെ രേഖകളുടെ പകർപ്പുകൾ ഒന്നും ഇല്ലാത്തതിനാൽ ആയത് നൽകുന്നതിനുള്ള അവസരവും ഇല്ലായിരുന്നുവെന്നും ടി മറുപടി ലഭിച്ചതിന്റെ അടുത്ത ദിവസം അപേക്ഷകൻ ടി കാര്യാലയത്തിൽ നേരിട്ട് വരുകയും അപ്പീൽ അധികാരിയുടെ വിലാസം നൽകിയിട്ടില്ലെന്നും ആയത് നൽകണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നൽകിയ മറുപടി കത്തിൽ സെക്ഷൻ ക്ലാർക്ക് ടി വിലാസം പേനകൊണ്ട് എഴുതി നൽകിയിട്ടുണ്ടെന്നും അറിയിക്കുന്നുവെന്നുമാണ്.

5. 16.02.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭിച്ചിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരാവകാശ നിയമം വകുപ്പ് 7(8)(ii)(iii) പ്രകാരമല്ല മറുപടി നൽകിയിരിക്കുന്നതെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പ്രസ്തുത എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതുചെയ്യുന്നു.

7. കൂടാതെ പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ, രേഖകളോ യാതൊന്നും നൽകണമെന്നു നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല എന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലെങ്കിൽ ഹർജിക്കാരന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

8. മേൽ നിർദ്ദേശിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/